...നിയമസ...

...ളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 08.01.2014- ലെ മറുപടിക്ക്

നം. 807

## ഭക്ഷ്യവസ്തുക്കളുടെ വിപണനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ. കെ. ബാലൻ<br>" ജി. സുധാകരൻ<br>" എ. പ്രദീപ് കുമാർ<br>" കെ. കെ. നാരായണൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യവസ്തുകൾ വിപണനം ചെയ്യുന്നവരെല്ലാം ഫുഡ് സേഫ്റ്റി നിയമപ്രകാരം രജിസ്റ്റർ ചെയ്യുകയോ ലൈസൻസ് എടുക്കുകയോ ചെയ്തിരിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ; | എ) | 2006 ലെ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2011 ലെ റെഗുലേഷൻ പ്രകാരമുള്ള ലൈസൻസോ രജിസ്ട്രേഷനോ ഭക്ഷ്യ വ്യാപാരികൾ കരസ്ഥമാക്കുന്നതിന് 2014 ഫെബ്രുവരി 4 വരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ സാവകാശം നൽകിയിട്ടുണ്ട് ആയതിനുശേഷം ഭക്ഷ്യ സുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ കൂടാതെ പ്രവർത്തിക്കുന്ന ഭക്ഷ്യ വ്യാപാരികൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. മേൽ സമയപരിധി സംബന്ധിച്ച് പൊതു ജനങ്ങളുടെ അറിവിലേക്കായി ഇതിനകം പത്രക്കുറിപ്പുകൾ നൽകിയിട്ടുണ്ട്. |
| ബി) | ലൈസൻസ് നൽകുകയോ രജിസ്ട്രേഷൻ അനുവദിക്കുകയോ ചെയ്യുന്നതിനുമുമ്പ് എന്തൊക്കെ പരിശോധനകൾ നടത്തുന്നുണ്ടെന്ന് അറിയിക്കുമോ? വ്യാപാരികൾ പാലിക്കേണ്ട നിബന്ധനകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | ബി) | പുതിയ ലൈസൻസോ രജിസ്ട്രേഷനോ നൽകുന്നതിന് മുമ്പായി 2011 ലെ Food Safety and Standards Regulation ന്റെ ഷെഡ്യൂൾ 4 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കപ്പെടുന്നു ണ്ട് എന്നു ഉറപ്പുവരുത്തുന്നുണ്ട് എന്നാൽ മറ്റേതെങ്കിലും ലൈസൻസോ രജിസ്ട്രേഷനോ കൈവശമുള്ളവർക്ക് ആക്ടിന്റെ പ്രാരംഭ ഘട്ടമെന്ന നിലയ്ക്ക് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ നിർദ്ദേശപ്രകാരം |

| | | | |
|---|---|---|---|
| | | | നിലവിൽ [illegible] ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും നൽകുന്നത്. ലൈസൻസിനായി അനുവർത്തിക്കേണ്ട പൊതു നിബന്ധനകൾ അനുബന്ധമായി ചേർക്കുന്നു. |
| സി) | ബേക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷണശാലകളിൽ പഴിഞ്ഞതും പഴകിയതുമായ മാംസാഹാരവും മറ്റും വിൽക്കുന്നതും നിത്യോപയോഗ സാധനങ്ങളിൽ പെട്രോളിയം ഉല്പന്നങ്ങൾ, ഫോർമാലിൻ തുടങ്ങിയ കാൻസറിനുവരെ കാരണമാകാവുന്ന രാസവസ്തുകൾ ചേർക്കുന്നതും വർദ്ധിച്ചുവരുന്നത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ വീഴ്ച കൊണ്ടാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | സി) | ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ വീഴ്ച കൊണ്ട് ഇത്തരത്തിലുള്ള പ്രവണതകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരം പരാതികളിൽ വിശദമായ അന്വേഷണം നടത്തി പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്. |
| ഡി) | നിയമലംഘനത്തിന്റെ പേരിൽ ലൈസൻസ് റദ്ദാക്കുകയും നിയമ നടപടിക്ക് വിധേയമാക്കുകയും ചെയ്ത കേസ്സുകളുടെ എണ്ണം വ്യക്തമാക്കുമോ? | ഡി) | സംസ്ഥാന വ്യാപകമായി 310 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 80 സ്ഥാപനങ്ങൾക്കെതിരെ കോമ്പൗണ്ടിംഗ് നടപടികൾ സ്വീകരിച്ച് 32,66,00 രൂപ പിഴയായി ഈടാക്കുകയും 28 സ്ഥാപനങ്ങളുടെ ലൈസൻസ്/രജിസ്ട്രേഷൻ താൽകാലികമായി റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.